**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 701.** **28.09.2016 ന് മറുപടിയ്ക്ക്**

**ലഹരിവസ്തുക്കളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉല്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് പുതുതായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉല്പ്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടികൾ മൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃതമദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ |

| | | | |
|---|---|---|---|
| | | | അനധികൃത വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.<br>വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വില്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്/എം&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും, പരാതികളും പൊതുജനങ്ങളിൽ നിന്നും സോഷ്യൽ മീഡിയ അടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുന്നുണ്ട്. ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരായി അവബോധം ഉണ്ടാക്കുകയും മേൽപ്രകാരം പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | ബാർ ഹോട്ടലുകൾ, ബിയർ -വൈൻ പാർലറുകൾ തുടങ്ങി ലൈസൻസുള്ളതും ഇല്ലാത്തതുമായ സ്ഥാപനങ്ങളെ നിരീക്ഷിക്കാൻ പ്രത്യേകമായി എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ; | (ബി) | ബാർ ഹോട്ടലുകൾ, ബിയർ -വൈൻ പാർലറുകൾ തുടങ്ങിയ ലൈസൻസുള്ള സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ അനധികൃതമദ്യ വില്പന നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്താൻ മിന്നൽ പരിശോധനകൾ നടത്തുകയും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളെ ഉപയോഗിച്ച് നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളിൽ മദ്യ വില്പന നടക്കുന്നില്ലാ എന്ന് ഉറപ്പാക്കുന്നതിന് മേൽ പ്രകാരം വിഭാഗങ്ങൾ നിരീക്ഷണം നടത്തുകയും വിവരങ്ങളും പരാതികളും ലഭിക്കുന്ന അവസരങ്ങളിൽ സമയബന്ധിതമായി പരിശോധനകൾ നടത്തി നിയമവിരുദ്ധമായ മദ്യമയക്കുമരുന്ന് വില്പന, ഉപഭോഗം തുടങ്ങിയവ നടക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ അതിർത്തിവഴിയുള്ള കടത്ത് തടയുന്നതിന് ബോർഡർ പട്രോളിങ്ങ് ശക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ അതിർത്തിവഴിയുള്ള കടത്ത് തടയുന്നതിനും അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനുമായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും ദേശീയപാതകളിലും വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**